

# പ്രതിഭ

ഹായ് കൂട്ടുകാരേ,

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

ദീപനാളം കുട്ടികളോടൊപ്പം



# കഥ പറയും പള്ളിക്കൂടങ്ങൾ



ഷാജി മാലിപ്പാറ

കുട്ടികൾ സ്കൂളിലേക്കു പോകുന്നത് പതുക്കെ നടന്നും വീട്ടിലേക്കു വരുന്നത് ഓടിയുമാണ്. ഈ പ്രസ്താവന നമ്മുടെ പ്രതീക്ഷയ്ക്കു വിപരീതമെങ്കിലും പരമാർഥം തന്നെയെന്നു സമ്മതിക്കാതെ തരമില്ല. എന്താവാം ഈയൊരു തകിടംമറിച്ചിലിനു കാരണം? ഇവിടെ തത്ത്വവിചാരങ്ങളെക്കാൾ അനുഭവകഥനമാണ് അനുയോജ്യമെന്നു തോന്നുന്നു.


മുറിമീശയും ഊർന്നുവീഴാൻ പോകുന്ന കാലുറയും വലിയ ഷൂവും വട്ടത്തൊപ്പിയും ചൂരൽവടിയുമായി നില്ക്കുന്ന ചാർലി ചാപ്ലിൻ ഒരിക്കൽ പറഞ്ഞു: "സ്കൂൾ എനിക്കൊരു പേടിസ്വപ്നമായിരുന്നു." ആമുഖം ആവശ്യമില്ലാത്ത ഈ അതുല്യപ്രതിഭ, വ്യഥിത ബാല്യത്തിന്റെ വിഹ്വലതകൾ ഏറെയനുഭവിച്ച വിദ്യാർഥിയാണ്. ദാരിദ്ര്യവും അവഗണനയും തിന്നുകുടിച്ച നാളുകൾ. ചേരികളിലെ കുടുസ്സുമുറികളിലും അനാഥമന്ദിരങ്ങളിലുംനിന്ന് സ്കൂളിലെത്തുമ്പോൾ കിട്ടിയതോ? ചെയ്യാത്ത കുറ്റത്തിന് ഒരിക്കൽ ലഭിച്ച കടുത്ത ശിക്ഷയെക്കുറിച്ചോർക്കുമ്പോൾ ഭീതി നിറയും. സ്കൂൾ ഒരു ശിക്ഷാലയം തന്നെ.

വിഖ്യാതനായ സെന്റ് അഗസ്റ്റിൻ ഇപ്രകാരമാണ് കുമ്പസാരത്തിൽ കുറിച്ചിട്ടത്: "വിദ്യാലയത്തിൽനിന്നു കുറച്ചു മാത്രം പഠിച്ചു; ഏറെ അടിയും കൊണ്ടു." നാമംകൊണ്ടും കർമ്മംകൊണ്ടും ഗുരു നിത്യചൈതന്യമാണ് എന്നു മലയാളികളെ ഓർമ്മിപ്പിച്ച ഗുരു യതിയുടെ നിരീക്ഷണം ഇപ്രകാരം: "വീട്ടിലുള്ള കുഞ്ഞുങ്ങളെ സ്കൂളിൽ കൊണ്ടുപോയി ഭരണികൾപോലുള്ള ക്ലാസ്സുമുറിയിൽ ഇരുത്തി, നല്ല എരിവുള്ള അടി കൊടുത്ത് കണ്ണുനീരിന്റെ ഉപ്പിലിടുന്നു." വടി കണ്ടിട്ടും അടി കൊണ്ടിട്ടും മാത്രമാണോ കട്ടികൾ സ്കൂളിലേക്കുള്ള വഴിയിൽ തീരെ പതുക്കെ മാത്രം ചുവടുകൾ വയ്ക്കുന്നത്? കുട്ടികളിൽനിന്ന് ഒഴിവാക്കപ്പെടേണ്ടതാണോ പള്ളിക്കൂടങ്ങൾ! അവധിക്കാലം ഒന്നു കഴിഞ്ഞുകിട്ടാൻ രക്ഷിതാക്കളും സ്കൂൾ തുറക്കാതിരിക്കാൻ കുട്ടികളും കൊതിക്കുന്നത് ഒരേ സമയത്താണെന്ന് ആർക്കാണറിയാത്തത്! ഇതൊന്നു തിരിച്ചുപറഞ്ഞാൽ സ്കൂൾ തുറന്നാൽ കുട്ടികളെ ഭരണിയിലിട്ടുവയ്ക്കാമല്ലോ എന്ന് രക്ഷിതാക്കളും അവധികഴിഞ്ഞാൽ എരിവുള്ള അടികൊള്ളണമെന്ന് കുട്ടികളും നിനയ്ക്കുന്നു. ദേഹത്തുകൊള്ളുന്ന പ്രഹരം മാത്രമല്ല, മനസ്സിലും സ്വപ്നങ്ങളിലും പ്രതീക്ഷകളിലും സ്വാതന്ത്ര്യത്തിലുമൊക്കെ ആഞ്ഞുപതിക്കുന്ന അടികളുടെ കാഠിന്യമാകാം കുട്ടികളുടെ നടത്തം മന്ദഗതിയിലാക്കുന്നത്.

വിക്ടർ ഹ്യൂഗോ പ്രതീക്ഷയോടെ എഴുതിയത് നാം മറക്കരുത്: "ആരാണോ ഒരു സ്കൂൾ തുറക്കുന്നത്; അയാൾ ഒരു കാരാഗൃഹം അടയ്ക്കുന്നു." നാട്ടിലുള്ള ഒരു വിദ്യാലയവും തുറന്നുവയ്ക്കാൻ മറക്കാതിരിക്കട്ടെ. കാരാഗൃഹങ്ങൾ കഴിയുമെങ്കിൽ ആർക്കുമുന്നിലും തുറക്കാതിരിക്കട്ടെ. കുറവുകൾ ഒത്തിരി ഉണ്ടായാൽപ്പോലും ഒരു വിദ്യാശാല നന്മയുടെ പക്ഷത്തല്ലേ നിവർന്നുനിൽക്കുന്നത്!

## മറുപുറം

"ഉണർന്നാൽ ഞാൻ ആദ്യം ആലോചിക്കുന്നത് സ്കൂളിനെപ്പറ്റിയായിരിക്കും. ഉറങ്ങാൻ പോകുമ്പോൾ അവസാനമായി ആലോചിക്കുന്നതും അതിനെപ്പറ്റിത്തന്നെ. ശരിയാണ്, സ്കൂളിനെ ഞാൻ അത്രയ്ക്ക് ഇഷ്ടപ്പെട്ടു പോയിരുന്നു." റഷ്യൻ എഴുത്തുകാരിയും അധ്യാപികയുമായ എഫ്. വിഗ്ദറോവയുടെ 'ഒരു സ്കൂൾ



ടീച്ചറുടെ ഡയറി' എന്ന ആത്മകഥാപരമായ ആഖ്യായികയിലെ വരികൾ ഇങ്ങനെ തുടരുന്നു: "എന്റെ ബാല്യത്തിന്റെ തിളക്കമാർന്ന നിമിഷങ്ങൾ ഓരോന്നും ഏതെങ്കിലും വിധത്തിൽ എന്റെ സ്കൂളുമായി ബന്ധപ്പെട്ടതായിരുന്നു. ക്ലാസ്സ്ടീച്ചറായിരുന്ന അന്നാ ഇവാനോവ്നയെക്കുറിച്ച് വാചാലയാകുന്ന വിഗ്ദറോവ, ഒമ്പതാം വയസ്സിൽ ആഗ്രഹിച്ചത് അധ്യാപികയാകാനാണ്. പതിനെട്ടാംവയസ്സിൽ അതായിത്തീർന്നു. പിന്നീട് ഉപരിപഠനം. തുടർന്ന് മോസ്കോയിലെ സീനിയർ സെക്കൻഡറിസ്കൂളിൽ പഠിപ്പിച്ചു. താൻ പരിചയപ്പെടാനിടവന്ന നിരവധി അധ്യാപകരുടെ അംശങ്ങൾ ചേർത്തുവച്ച് മുൻപറഞ്ഞ വിഖ്യാതകൃതിയെ മനോഹരമാക്കി.

ചാർലി ചാപ്ലിന്റെ ബാല്യത്തെ ഇവിടെ വീണ്ടും ഉദ്ധരിക്കട്ടെ. ഒരിക്കൽ കൊച്ചുചാപ്ലിനെ അമ്മ ഒരു ഹാസ്യഗാനം ചൊല്ലിപ്പഠിപ്പിച്ചു. ക്ലാസ്സിൽവച്ച് കൂട്ടുകാരനെ അതു ചൊല്ലിക്കേൾപ്പിച്ചപ്പോൾ അധ്യാപകൻ കേൾക്കാനിടയായി. അദ്ദേഹത്തിന് അതിഷ്ടമായി. ക്ലാസ്സിൽ വച്ച് ഗാനം ആലപിക്കാൻ അവസരം നൽകി. കുട്ടികൾ നന്നേ ആസ്വദിച്ചു. പിന്നീട് ഓരോ ക്ലാസ്സിലും ഈ ഗാനം പാടാൻ അവസരം കിട്ടി. അങ്ങനെ സ്കൂളിലാകെ ചാപ്ലിൻ പ്രസിദ്ധനായി. നാണംകുണുങ്ങിയായ ഒരു കൊച്ചുപയ്യൻ താരമായി മാറി. ഇതവന്റെ പഠനത്തിലും പുരോഗതിയുണ്ടാക്കി.

'ജനാലയ്ക്കരികിലെ വികൃതിക്കുട്ടി' എന്നുള്ള ഉപശീർഷകത്തോടെ പ്രസിദ്ധപ്പെടുത്തിയ 'ടോട്ടോചാൻ' എന്ന ജാപ്പനീസ്ഗ്രന്ഥം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒട്ടേറെ കാഴ്ചപ്പാടുകൾ നൽകുന്നതാണ്. തെത്സുകോ കുറോയാനഗി എന്ന വനിതയുടെ പ്രൈമറിസ്കൂൾ അനുഭവങ്ങളുടെ ആകർഷകമായ അവതരണമാണ് ഈ ഗ്രന്ഥത്തിൽ. ടോട്ടോചാൻ എന്ന ഓമനപ്പേരുള്ള അവളുടെ വികൃതിത്തരങ്ങളുടെ മൂർധന്യത്തിൽ സ്കൂളിൽനിന്നു പുറത്താക്കപ്പെട്ടു, ഒന്നാംക്ലാസ്സിൽ വച്ച്.

▶10

# അതു തോമ്മാച്ചനാണ്



ലിഡിയ സണ്ണി

കഥ

"എങ്ങോട്ടാ തോമ്മാച്ചാ, പതിവില്ലാത്ത ധൃതിയില്? ഇന്ന് മോള് വല്ലോം വരുന്നുണ്ടോ?"

"ഏയ് അതൊന്നും അല്ലടാ."

"ങേ... ഇങ്ങള് കാര്യങ്ങളൊന്നും അറിഞ്ഞില്യേ?"

"ഒന്ന് മുണ്ടാണ്ടിരീടാ അമ്മദേ."

"ആ, എടാ ജോസേ, ഇപ്പം ഇത്തിരി തിരക്കിലാ. നീയേ ഉച്ചതിരിഞ്ഞ് ഒന്നു വീട്ടിലേക്കിറങ്ങ്. നമ്മക്ക് ഇത്തിരി വർത്തമാനം ഒക്കെ പറയാടോ..."

"ഇപ്പൊ പഞ്ചായത്തിലൊരു മീറ്റിങ്ങിനു പോവാ"

"ആ ശരിയെന്നാ..."

'ഹേ, ഈ തോമ്മാച്ചനങ്ങനെ പഞ്ചായത്തിലൊന്നും പോകാറില്ലാത്തതാണല്ലോ. പഞ്ചായത്താഫീസിലൊക്കെ തോമ്മാച്ചന്റെ സാന്നിധ്യം കണ്ടിട്ടേയില്ലാ... പിന്നെന്താണാവോ? തോമ്മാച്ചൻ പാർട്ടിക്കാര്യം ഒന്നും നോക്കി നടത്തുന്ന ആളേയല്ലാ...' ജോസ് ഇങ്ങനെ തോമ്മാച്ചനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്.

"പിന്നെ ആരാ ഈ തോമ്മാച്ചൻ?"

"കനകപ്പാറയിലെ കനകമാണ് തോമ്മാച്ചൻ"

"പിന്നല്ലാണ്ട്? കാര്യം താമസിക്കുന്നത് കുറച്ച് പാവപ്പെട്ടവരൊക്കെ ആണേലും ഈ സ്ഥലം മുഴുവൻ ആരുടെയാ?"

"തോമ്മാച്ചന്റെയാ. തോമ്മാച്ചനല്ലയോ ഇവിടുത്തെ ഭൂവുടമ... ലാൻഡ് ഓണർ, നമ്മടെ ജന്മി"

കനകപ്പാറയിലെ അങ്ങാടിയിൽ ഇന്ന് തോമ്മാച്ചനെ ഇത്രയൊക്കെ പൊക്കിപ്പറയാൻ ഒരു കാരണമുണ്ട്. അതൊക്കെ വഴിയേ മനസ്സിലായിക്കൊള്ളും.

ഉച്ചതിരിഞ്ഞ് രണ്ടുമണിസമയം.

വിശാലമായ ഊണുകഴിഞ്ഞ്, ഉമ്മറത്തിണ്ണയിലെ ചാരുകസേരയിൽ നീണ്ടുനിവർന്നു കിടന്ന തോമ്മാച്ചൻ ചെറിയൊരു മയക്കത്തിലേക്കു വീഴുകയായിരുന്നു. അപ്പോഴാ ജോസ് വന്നത്.

"എന്നാ, തോമ്മാച്ചാ, എന്താ പറ്റിയേ? ഏതാണ്ടൊക്കെ കേൾക്കുന്നുണ്ടല്ലോ... എനിക്കാണേ ഒന്നും മനസ്സിലാകുന്നുമില്ല. എന്താ കാര്യം?"

"ഹ! എടാ ജോസേ, നീ വന്നോ? കേറിയിരി..."

"കാര്യം പറ തോമ്മാച്ചാ. എന്തൊക്കെയാ ഇവിടെ നടക്കണെ?"

"എടാ... അതില്ലേ... ഇപ്പൊ എന്താ പറയ്യാ... നമ്മളല്ലേ ഉള്ളൂ ഈ നാട്ടില് എന്തേലും ഉള്ളവര്... കാശ് ഉള്ളവരേ!... വല്ലോ പാവങ്ങള് മുന്നിൽ വന്ന് കൈനീട്ടിയാൽ നമ്മളെങ്ങനെ കൊടുക്കാതിരിക്കാ... നമ്മളങ്ങ് മനസ്സറിഞ്ഞു കൊടുത്തില്ലേൽ ആരു സഹായിക്കാനാ അവരെയൊക്കെ?"

"തോമ്മാച്ചൻ കാര്യം പറ. ഇതെന്തൊക്കെയാ ഈ പറഞ്ഞോണ്ടിരിക്കുന്നെ?"

"ടാ... അതെന്താന്നു വച്ചാ... നിനക്ക്... ആ ബെന്നിയെ അറിയില്ലേ?"

"ഏത്... ആ കോളനിയിലെ ബെന്നിയോ?"

"ആ അതുതന്നെ. ആ കോളനിയിലെ ബെന്നി. അവന് ഒരു മോളില്ലേ? ആ കൊച്ച് ... കാര്യം മിടുക്കിയാണ്... കോളനിയാന്നു പറഞ്ഞാലും സൗന്ദര്യത്തിന്റെ കാര്യത്തിൽ എന്റെ മോള് തോറ്റുപോകും... ഞാൻ പറഞ്ഞുവന്നത്... ആ കൊച്ചിനൊരു ആഗ്രഹം. വിദേശത്തു പോയി പഠിക്കണന്ന്. ഏത്? കോളനിക്കാർക്ക് അതു വല്ലോം പറഞ്ഞിട്ടുള്ളതാണോന്നേ? എന്തൊക്കെ പറഞ്ഞാലും കാര്യം നടത്താൻ ചിക്കിലി വേണോല്ലോ... അതിന് അവര് നമ്മടെ മുന്നിൽ വന്നു നിന്നു."

തോമ്മാച്ചൻ തുടർന്നു: "മിനിങ്ങാന്നേ, ആ ബെന്നിയും പഞ്ചായത്തു മെമ്പറും ഇവിടെ വന്നു നിന്ന് കാര്യം പറഞ്ഞു: അവൾക്കു പഠിക്കണം. സഹായിക്കണം... അവർക്കെങ്ങനാ ലോൺ എടുക്കാനൊക്കെ പറ്റുന്നത്. ലോൺ എടുത്താത്തന്നെ പലിശ വീട്ടിത്തീർക്കാൻ അവർക്കു വല്ലോം പറ്റുവോ?... പാവങ്ങള്...

എന്നിട്ട് അവരെന്നോടു ചോദിക്കുവാ, സൗജന്യമായിട്ട് ഒരു സഹായം ചെയ്യാമോന്ന്. നമ്മളോടേ! സൗജന്യമായിട്ട് അതും, ഒരു പലിശയും വാങ്ങിക്കാതെ. കേട്ട പാതി കേൾക്കാത്ത പാതി എന്റെ സ്ഥിരം രീതിയിൽ ഞാൻ അവരെ പറഞ്ഞുവിടാനാ നോക്കിയേ... അപ്പഴാ നമ്മടെ അഹമ്മദ് നമ്മളെ മാറ്റിനിർത്തി കാര്യം പറഞ്ഞത്."



"അമ്മദ് എന്തു പറഞ്ഞൂന്ന്?" ജോസ് ഇടപെട്ടു.

തോമ്മാച്ചൻ വീണ്ടും തുടർന്നു: "അവൻ പറഞ്ഞതൊരു കിടിലൻസംഗതിയാ. ഞാൻ അതു ചെയ്തുംകഴിഞ്ഞു."

"തോമ്മാച്ചൻ എന്താ ചെയ്തെ?"

"ഞാനതങ്ങു സമ്മതിച്ചു. ഏത്, കാശു കൊടുക്കുന്ന കാര്യവേ... ഞാനാ കൊച്ചിനേം വിളിച്ചുവരുത്തി പഞ്ചായത്താഫീസില്, എല്ലാവരുടേം മുന്നിൽ വച്ച് സമ്മതമറിയിച്ചു. അന്നേരംതന്നെ ഞാൻ ഒരു പത്രക്കാരനെ വിളിച്ച് ഫോട്ടോയും എടുപ്പിച്ചു... അപ്പംതന്നെ എല്ലാ കാര്യവും കഴിഞ്ഞു. നമ്മളല്ലേ ആള്! ആ ബെന്നീടെ കോളനീലെ വീടും ആ കൊച്ചിന്റെ ഡീറ്റേൽസുമുൾപ്പെടെ എല്ലാം പത്രക്കാർക്കു കൊടുത്തിട്ടുണ്ട്. കൊറച്ച് ഹൈപ്പ് അടിച്ചോളാനും നമ്മള് പറഞ്ഞിട്ടുണ്ട്. ഇതൊക്കെ നാലാള് അറിയട്ടെ! തോമ്മാച്ചൻ ചെയ്യുന്ന നല്ല കാര്യമൊക്കെ. അങ്ങനെ ആരേം അറിയിക്കാതെ ചെയ്യാൻ ഞാനാരാ? നാളെ പത്രം തുറക്കുമ്പോ കണ്ടോ! ജോസേ! എല്ലാരും കാണട്ടെ!"

മനസ്സാക്ഷിയുള്ളതുകൊണ്ടാവണം, ജോസ് അതു കേട്ടതേ എഴുന്നേറ്റു.

"ഹ! നീ എറങ്ങുവാണോ? ആ അങ്ങാടിയില് ചെല്ലുമ്പോ ഒന്നു നോക്കിയേര്. അതിന്റെ ഫ്രണ്ടിൽത്തന്നെ എന്റെ ഫ്ളക്സ് വച്ചിട്ടുണ്ട്. അതിന്റെ ഒരു ഫോട്ടോയൊക്കെ എടുത്തോ കേട്ടോ...!"

അതു പറഞ്ഞിട്ട് മനസ്സിലെ എല്ലാ ഭാവങ്ങളും പുറത്തുകാട്ടുംവിധം അയാൾ ഒന്നു ചിരിച്ചു... അല്ല അട്ടഹസിച്ചു.

ജോസ് ഒന്നും മിണ്ടാതെ ഇറങ്ങിനടന്നു. "ഇയാൾ എന്തൊരു മനുഷ്യനാണ്! ഇതിനൊക്കെ 'സഹായം' എന്നു വല്ലോരും പറയ്യോ? ഇങ്ങനെ സഹായിക്കുന്നതിലും ഭേദം അവരെ നാടുകടത്തുന്നതായിരുന്നു." ഇങ്ങനെയുള്ള ഒരുപാടു ചിന്തകളുമായി ജോസ് തന്റെ വാർക്കവീട്ടിലേക്കു നടന്നടുക്കുകയായിരുന്നു. അപ്പോഴാണ് ഒരാൾ ഓടിവന്ന് പറഞ്ഞത്: "ജോസേ... ജോസേ..."

"എന്താടാ? എന്താ? കാര്യം പറ"

"ജോസേ, നമ്മുടെ ലൂക്കാച്ചന്റെ ... ലൂക്കാച്ചന്റെ മോളില്ലേ... അവളിങ്ങു വരുന്ന വഴി ആ ബസു മറിഞ്ഞു. ആ കൊച്ചിന് എന്തോ പറ്റിയെന്നാ കേട്ടേ... തെറിച്ചുവീണെന്നോ എന്തോ..."

"അവളിപ്പോ ഏത് ആശുപത്രീലാ..."

അവർ രണ്ടാളും വേഗം അങ്ങോട്ട് ഓടി. ആശുപത്രിയുടെ ഫ്രണ്ടിലെത്തിയപ്പോൾ ലൂക്കാച്ചൻ അവിടെ ഐസിയുവിന്റെ മുന്നിൽ തലകുനിച്ചിരിക്കുന്നതാണു കണ്ടത്. അവർ ഓടിച്ചെന്നു. അവരെ കണ്ടതും ലൂക്കാച്ചൻ പൊട്ടിക്കരഞ്ഞു... എന്തൊക്കെയോ പറഞ്ഞു. ജോസ് അവനെ ആശ്വസിപ്പിച്ചു. "ലൂക്കാച്ചാ, ഒന്നു സമാധാനിക്ക്. കൊച്ച് ആശുപത്രിയിൽ എത്തിയില്ലേ... ഡോക്ടർ എന്താ പറഞ്ഞെ? കൊച്ചിനെങ്ങനെയുണ്ട്?

"മോള്... അവൾക്ക്..."

"പറ ലൂക്കാച്ചാ... ഡോക്ടർ എന്താ പറഞ്ഞെ?"

"അവൾടെ... കാലിന് എന്തോ പറ്റീന്ന്. ഓപ്പറേഷൻ വേണംന്നോ... അതിനു കുറെ കാശ് ആകൂന്നോ എന്തൊക്കെയോ പറഞ്ഞു."

കുറേ നേരത്തേക്ക് അവർ മൗനമായി ഇരുന്നു. നേരം കടന്നുപോയി.

സന്ധ്യയായി... രാത്രിയായി...

ജോസ് ഇപ്പോഴും ലൂക്കാച്ചന്റെ കൂടെത്തന്നെയുണ്ട്. മണിക്കൂറുകൾ നീണ്ട മൗനം പൊട്ടിച്ച് ലൂക്കാച്ചനോടു ജോസ് ചോദിച്ചു.

"ലൂക്കാച്ചാ, കാശിന്റെ കാര്യം എന്താ ചെയ്യാ?"

ഒരു നിമിഷത്തിനുശേഷം ലൂക്കാച്ചൻ മറുപടി പറഞ്ഞു:

"നമുക്കാ... തോമ്മാച്ചനോടൊന്നു ചോദിച്ചാല്ലോ?

കേട്ടപാടെ ജോസ് അതു വിലക്കി.

"തോമ്മാച്ചനോടോ? അതൊന്നും വേണ്ടാ. പിന്നെ നിങ്ങളീ ആശുപത്രി വിട്ടിറങ്ങിയാലും നാട്ടിൽക്കൂടെ നടക്കാൻ പറ്റൂല്ല... അങ്ങേര് ഒരു..."

ജോസ് പറഞ്ഞു പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ ലൂക്കാച്ചൻ പറഞ്ഞു: "ശരിയാ... തോമ്മാച്ചനോടു ചോദിക്കണ്ട" ഒരു നിമിഷത്തിനുശേഷം വീണ്ടും ലൂക്കാച്ചൻ ചോദിച്ചു: "പിന്നെ എന്താ ചെയ്യാ?"

ഒരു നീണ്ട ഇടവേളയ്ക്കുശേഷം ജോസ് മറുപടി പറഞ്ഞു:

"നമുക്കു പ്രാർഥിക്കാം."

രണ്ടു ദിവസങ്ങൾകൂടി കടന്നുപോയി. ഓപ്പറേഷന്റെ ഡേറ്റ് ആയി. രാത്രി ഒന്നും ഉറങ്ങാൻ കഴിയാത്തതുകൊണ്ടാവാം ലൂക്കാച്ചൻ പകലൊന്നു മയങ്ങിയിരിക്കുകയായിരുന്നു. അപ്പോഴാണ്, പെട്ടെന്ന് നേഴ്സ് വന്നുപറഞ്ഞത്: "ഓപ്പറേഷനു റെഡിയായിക്കൊള്ളൂ കേട്ടോ..."

ഒരു വലിയ ഞെട്ടലോടെ ലൂക്കാച്ചൻ തിരിച്ചുചോദിച്ചു:"ഓപ്പറേഷനോ! ഓപ്പറേഷന് ആരാ പണമടച്ചേ?"

"ഒരാൾ വന്നു പണമടച്ചിട്ടുപോയി. പേരു പറയരുതെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പേരു വെളിപ്പെടുത്താൻ കഴിയില്ല. ദൈവം ഒരു നല്ല മനുഷ്യനെ അയച്ച് നിങ്ങളെ സഹായിച്ചു."

"ഓപ്പറേഷന് റെഡിയായിക്കൊള്ളൂ... ട്ടോ..."

ലൂക്കാച്ചനു വലിയ സമാധാനമായി. ഓപ്പറേഷനെല്ലാം നല്ല രീതിയിൽ പൂർത്തിയായി.

ദൈവം കനിഞ്ഞു എന്ന വലിയ ആശ്വാസത്തോടെ ലൂക്കാച്ചനും കുടുംബവും തിരികെ വീട്ടിലേക്കു മടങ്ങി. എന്നാൽ, ജോസ് ആശുപത്രിയിൽത്തന്നെ നിന്നു. ആ പണമടച്ചതാർ എന്നറിയാതെ ജോസിനു സമാധാനം കിട്ടില്ലായിരുന്നു. വളരെ കഷ്ടപ്പെട്ട് ഒടുവിൽ ജോസ് ആ സത്യം അറിഞ്ഞു. ആരുമറിയാതെ ലൂക്കാച്ചന്റെ മോളെ സഹായിച്ചതും അത്രേം വല്യ തുക അടച്ചതും വേറാരുമല്ല!

അതു തോമ്മാച്ചനാണ്!

കേട്ട നിമിഷം തന്നെ, ഒരു വലിയ ഞെട്ടലോടെ അവൻ വേഗം നടന്നു... തോമ്മാച്ചന്റെ വീട്ടിലേക്കു കേറിച്ചെന്നു...

ഒരു നിമിഷം നിന്നിട്ട്, ശാന്തനായി, ജോസ് തോമാച്ചനോടു ചോദിച്ചു: "എന്നാപറ്റി തോമ്മാച്ചാ?"

അവന്റെ കണ്ണുകളിലേക്കു നോക്കാതെ ജോസ് വീണ്ടും ചോദിച്ചു: "എന്താ എന്തു പറ്റി?"

തോമ്മാച്ചൻ പറഞ്ഞുതുടങ്ങി:

"തെറ്റായിപ്പോയീടാ... ഞാനാ ബെന്നിയോടും കുടുംബത്തോടും ചെയ്തത്. തെറ്റായിപ്പോയി..."

ചെറിയൊരു മൗനത്തിനുശേഷം വീണ്ടും തോമ്മാച്ചൻ പറഞ്ഞു:

"ഒരു അവസരം കിട്ടിയപ്പോ... ഞാനതിനായിട്ട് ഒരു പ്രായശ്ചിത്തം ചെയ്തു..."

ശേഷം തോമ്മാച്ചൻ നേരേ ചെന്ന് ബൈബിൾ എടുത്തു വായിച്ചു:

"അവൻ കണ്ണുകളുയർത്തി നോക്കിയപ്പോൾ ധനികർ ദൈവാലയഭണ്ഡാരത്തിൽ നേർച്ചയിടുന്നതു കണ്ടു..." (ലൂക്കാ 21)

*കഥാകൃത്ത് കോട്ടയം മെഡിക്കൽ കോളജിൽ ഒന്നാംവർഷ എം.ബി.ബി.എസ്. വിദ്യാർഥിനിയാണ്.*

# മേഘസമുദ്രം



റെയ്ച്ചൽ ജോർജ്

പതിവായി ഇരിക്കുന്ന കസേര, പതിവായി എനിക്കുവേണ്ടി ചലിക്കുന്ന തൂലിക. പക്ഷേ, പതിവില്ലാത്തതുപോലെ അക്ഷരങ്ങൾ അയാളുടെ വരുതിക്കു വരുന്നില്ല... എന്തോ അക്ഷരങ്ങൾ അയാളെ നോക്കി കൊഞ്ഞനം കുത്തുന്നതുപോലെ അയാൾക്കു തോന്നി... എഴുതാനുള്ള പേപ്പറും പേനയുമായി ഉമ്മറത്തെ ചാരുബഞ്ചിലേക്ക് അയാൾ നടന്നുനീങ്ങി. മനസ്സിനു ഭാരം തോന്നുമ്പോൾ അവിടെ ചെന്നിരിക്കുക പതിവാണ്.

അവിടം അയാൾക്കു നൽകുന്ന ആശ്വാസം തീരെ ചെറുതല്ല. ഒരിളംകാറ്റ് ആ ത്രിസന്ധ്യാനേരത്ത് അയാളെ തഴുകി നീങ്ങി. അസ്തമയസൂര്യന്റെ പുഞ്ചിരി അവിടവിടായി തിളങ്ങിനിൽക്കുന്നു.

അംബരചുംബികളായ മലനിരകൾക്കിടയിലൂടെ ഒഴുകി നീങ്ങുന്ന പാലരുവികളെ നോക്കിയങ്ങനെ ഇരുന്ന നിമിഷം.

തീർത്തും പരിചിതമല്ലാത്ത ഒരു ശബ്ദം അയാളെ തേടിയെത്തി.

"എഴുത്തിന്റെ മായാലോകം നിനക്കു മുന്നിൽ അടഞ്ഞു കിടക്കുകയാണോ?"

"നീ ആരാണ്, എന്തിന് ഇവിടെ വന്നു?"

"ഞാനോ, ഞാൻ ഒരു കഥാകാരി. വെറുതെ കഥാതന്തു തിരക്കി ഇറങ്ങിയതാ."

"അതു ശരി, കഥാതന്തു തിരക്കി വരാൻ പറ്റിയ സ്ഥലം."

"താനാ ആകാശത്തേക്ക് ഒന്നു നോക്കിക്കേ. അവിടെയുണ്ട് തനിക്കു വേണ്ടതായ കഥാതന്തു."

അവളുടെ സംസാരത്തിൽ നിഴലിച്ച സാഹിത്യധ്വനിയുടെ പിന്നാലെ പോകാൻ അയാൾ തീരുമാനിച്ചു... അസ്തമയത്തിനിനി അധികം ദൂരമില്ല, സഞ്ചാരിയായ ഒരു മേഘം രണ്ടായി വിഭജിക്കപ്പെടുന്ന കാഴ്ച അയാളിൽ കൗതുകമുണർത്തി.

സഞ്ചാരിയായ മേഘശകലം തന്റെ ബന്ധുത്വങ്ങളെയും കെട്ടുപാടുകളെയും മറികടന്ന് തന്റെ കാല്പനികതയുടെ ലോകം കീഴടക്കാൻ യാത്രയാവുകയാണ്.

ആ യാത്രയിൽ മലയിടുക്കിലൂടെ വെള്ളിനൂൽ കണക്കെ ഒഴുകിനീങ്ങുന്ന ഒരു അരുവി അവന്റെ ഹൃദയത്തെ തൊട്ടു. അവളോടൊപ്പം സഞ്ചരിക്കാൻ അവൻ ആഗ്രഹിച്ചു. പക്ഷേ, അതവന് അത്ര എളുപ്പമല്ല. കാരണം, അവളോടൊപ്പമായിരിക്കാൻ ആദ്യം അവൻ കാർമേഘമായും പിന്നീട് ജലകണമായും മാറേണ്ടിയിരിക്കുന്നു. ആ മാറ്റം അവനെ തന്റെ സ്വപ്നസാക്ഷാത്കാരത്തിന്റെ വാതിലുകളിൽനിന്നു ദൂരെയകറ്റും. അതിനാൽ കണ്ണിലുടക്കിയ വെള്ളിനൂലിനെ ഉപേക്ഷിച്ച് തന്റെ സഞ്ചാരപഥം ലക്ഷ്യമാക്കി അവൻ നീങ്ങി. കാലങ്ങൾക്കുശേഷം മറ്റൊരവസരത്തിൽ ആ മലയിടുക്കിനു മുകളിലൂടെ വീണ്ടും സഞ്ചരിച്ചപ്പോൾ അവൻ പാറിനോക്കിയത് ആ വെള്ളിനൂലിനെ ആയിരുന്നു. എന്നാൽ, നീറുന്ന ഹൃദയത്തോടെ അവൻ തിരിച്ചറിഞ്ഞു: അവൾ ഇന്ന് വെറും ജീവച്ഛവമായി കിടക്കുന്നു. അനേകം ജീവജാലങ്ങൾക്കു ജീവൻ നൽകിയ അവൾക്കിന്ന് തന്റെ സ്വത്വം നഷ്ടപ്പെട്ടിരിക്കുന്നു. ഹൃദയത്തിന്റെ അഗാധങ്ങളിൽ മൂടിവെച്ച പ്രണയം ഉഗ്രശബ്ദത്തോടെ ഭൂമിയിലേക്കു താഴ്ന്നിറങ്ങി. ഒരു നിമിഷത്തെ പൊട്ടിക്കരച്ചിലിൽ അവൻ മരിച്ചു. പക്ഷേ, അന്ന് ഒരു പുതിയ ജനനം സംഭവിച്ചു. വെള്ളിനൂലൊരു വെള്ളിക്കൊലുസായി കിണുങ്ങിച്ചിരിച്ചുകൊണ്ട് പതഞ്ഞൊഴുകി...

ശുഭം...


"ഏയ് സാഹിത്യകാരീ ഇതു തരക്കേടില്ല കേട്ടോ, വിറങ്ങലിച്ച തൂലികയെ നീ ചലിപ്പിച്ചിരിക്കുന്നു ഇനി പറയൂ നീ ആരാണ്?"

"ഞാൻ നീതന്നെ, നിന്റെ നിഴൽ... നിന്നിലെ എഴുത്തുകാരനെ ഉണർത്താൻ വന്ന നിന്റെ ഭാവനയിലെ എഴുത്തുകാരി... സത്യത്തിൽ ഞാൻ നീ തന്നെയാണ്."

ഇനിയെഴുതാം... അവൾ പറഞ്ഞ കഥയും... പറയാത്ത കഥയും...

ഇരിപ്പുമുറിയിലെ മേശയും കസേരയും എന്നിലെ എഴുത്തുകാരനെ സ്വീകരിക്കുവാൻ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. ആ തൂലികയിൽനിന്ന് അടർന്നുവീണ കഥാതന്തു 'മേഘസമുദ്രം.' വെള്ളിക്കൊലുസ് കിലുങ്ങിച്ചിരിച്ച് സമുദ്രത്തിൽ ചെന്നു പറ്റിച്ചേർന്നിരിക്കുന്നു. മേഘവും സമുദ്രവും ഇനിമുതൽ രണ്ടല്ല ഒരാൾ തന്നെ – കഥാകാരൻ.

■







**നിരഞ്ജന എസ്.**
ക്ലാസ് 5
കെ.പി.എം.
യു.പി.എസ്. മുഹമ്മ,
ആലപ്പുഴ

## ഒറ്റപ്പെടൽ

ആലയം വിട്ടിറങ്ങി അച്ഛൻ
പൈതലൊട്ടറിഞ്ഞിടാതെ
സ്വസ്ഥത തേടി അച്ഛൻ
കർത്തവ്യമോർത്തിടാതെ

വാടകവീട്ടിലായി ഞങ്ങൾ
കൂട്ടിനായ് പട്ടിണിയും
അരവയർ കഞ്ഞിക്കായ്
ഞങ്ങൾ
അലയാത്ത വഴികളില്ല

കാരുണ്യക്കൈകളും കണ്ടു
ഞങ്ങൾ
ആട്ടിയകറ്റലും കേട്ടു
അപമാനത്തീയിലുരുകി
പക്ഷേ, അഭിമാനം
മുറുകെപ്പിടിച്ചു.

കാലം കടന്നങ്ങുപോയി
അമ്മതൻ തണലിലാ
കുഞ്ഞു വളർന്നു
സത്യത്തിൽ വഴിയിലൂടെ

എന്നും

അമ്മതൻ തണലിലൂടെ

ചെറുതല്ല കളിയല്ല
ഈ പ്രയത്നം
ജീവിതവിജയമാണീ
പ്രയത്നം...



## മഴ



**അഷ്ടലക്ഷ്മി. എ. എൻ**
ക്ലാസ് 8
എസ്.എൻ. എച്ച്.എസ്.എസ്.
ചിതറ

മഴയെൻ മനസ്സിലെ കുളിരോർമ
കുന്നിൻമുകളിൽ വെളുത്ത
ആവരണം തീർക്കുന്ന മഞ്ഞുമഴ.
ആദ്യമഴത്തുള്ളികൾ നറുമണത്തോടെ
മണ്ണിലേക്കലിയുമ്പോൾ പുതുമഴ.
കുളിർകാറ്റായി തലോടുന്ന ചാറ്റൽമഴ.
മഴ മനോഹരമാക്കിയ പ്രകൃതി.
ആനന്ദത്തിന്റെ തുള്ളി പകരുന്ന മഴ
വൃക്ഷങ്ങളുടെ പച്ചിലകൾക്കിടയിലൂടെ
താഴേക്കു വീഴുന്ന മഴത്തുള്ളികൾ
ഭൂമിതൻ മടിത്തട്ടിലേക്ക്.

## അമ്മേ നിനക്കു വന്ദനം



**ശ്രേയ ജയേഷ്**
ക്ലാസ് 6
സെന്റ് മേരീസ് യു.പി.
സ്കൂൾ കുറവിലങ്ങാട്

തരുക നീ എന്നും എൻ മനസ്സിനെ
നന്മയുടെ തെളിനീർത്തുള്ളിയായ്
തരുക നീ എൻ ബുദ്ധിയെ
പ്രകൃതിയെ സ്നേഹിക്കുവാൻ
നീ എൻ അമ്മ പ്രകൃതിയായ എൻ തായ
ചോലകളും മണിമുകിലുകളും
കേരവൃക്ഷങ്ങളും തിങ്ങും
എൻ മലയാളമേ നിനക്കു വന്ദനം.
കേരങ്ങൾ നിറയുമെൻ കേരളമേ നിനക്കു വന്ദനം...
ജനകോടികൾക്കു ജീവാമൃതം ഓ.... ഓ....
തരുക നീ എന്നും എൻ കരങ്ങളെ
പ്രകൃതിയെ സംരക്ഷിക്കുവാൻ
തരുക നീ എന്നും എൻ കണ്ണുനീരിനെ
ഭൂമിയെ കുളിർപ്പിക്കുവാൻ
നീ എൻ അമ്മ നിൻ മടിത്തട്ടിൽ ഉറങ്ങുവാൻ
എനിക്കു ജീവൻ തരണമേ
മലയാളമണ്ണിന്റെ തൊടിയിൽ എന്നെയും കൂട്ടുകില്ലേ...
മലയാളമേ നിനക്കു വന്ദനം,
കേരളമേ, ഭാരതാംബേ നിനക്കു വന്ദനം
ജനകോടികൾക്കു ജീവാമൃതം, ഓ.... ഓ.... ഓ....



# ഒരു വിദ്യാലയം തുറക്കുമ്പോൾ ഒരു കാരാഗൃഹം അടയുന്നു

*7-ാം പേജ് തുടർച്ച*



മകൾക്കുപറ്റിയ സ്കൂൾ അന്വേഷിച്ചുനടന്ന അമ്മ വന്നെത്തിയത് റ്റോമോ സ്കൂളിലാണ്. രണ്ടു കാര്യങ്ങളാണ് അമ്മ പ്രാർഥിച്ചത്. ഒന്നാമതായി സ്കൂളിന് അവളെ ഇഷ്ടപ്പെടണം. ഒപ്പംതന്നെ അവൾക്കും സ്കൂളിനെ ഇഷ്ടമാകണം. കൊബയാഷി എന്ന ഹെഡ്മാസ്റ്റർ അവൾക്ക് ആ സ്കൂളിൽ പ്രവേശനം നൽകി. പഴയ തീവണ്ടിബോഗികളിൽ പ്രവർത്തിക്കുന്ന സ്കൂളാവട്ടെ അവൾക്ക് ഒത്തിരി ഇഷ്ടപ്പെട്ടു. ഒരിക്കലും അമ്മയ്ക്കു മകളെക്കുറിച്ചു പരാതി കേൾക്കേണ്ടിവന്നില്ല. ടോട്ടോചാൻ വികൃതികൾ ഉപേക്ഷിച്ചതുകൊണ്ടല്ല, മാസ്റ്റർ അതിനെയെല്ലാം ഔചിത്യപൂർവം കൈകാര്യ ചെയ്തതിനാൽ.

പിൽക്കാലത്ത് യുനസ്കോയുടെ ഗുഡ്‌വിൽ അംബാസഡറായി മാറിയ ടോട്ടോചാൻ ഒപ്പം



പഠിച്ചവരെല്ലാം ആരായിരുന്നു, അവരൊക്കെ എന്തായി മാറിയെന്ന കാര്യങ്ങൾ പുസ്തകത്തിൽ വിവരിക്കുന്നത് ഒരു വിദ്യാക്ഷേത്രം എപ്രകാരം മനുഷ്യനു വികാസത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുന്നുവെന്നു വെളിപ്പെടുത്തുന്നു. വികാസത്തിനുള്ള അവകാശം വിദ്യാർഥികൾക്കു ജീവവായുവാണെന്നു തിരിച്ചറിഞ്ഞ ഒരധ്യാപകന്റെ കർമ്മമഹത്ത്വമാണ് വാസ്തവത്തിൽ ടോട്ടോചാനെയും കൂട്ടുകാരെയും സൃഷ്ടിച്ചത്.

**ആകാശത്തിലേക്കു കുതിക്കുന്ന പക്ഷി**

സ്വാതന്ത്ര്യം അനുഭവിക്കുന്ന കുട്ടി ആകാശത്തിലേക്കു കുതിക്കുന്ന പക്ഷിയാണ്. പക്ഷേ, അതിന് ആകാശത്തിന്റെ അതിരുകളെക്കുറിച്ചു നിശ്ചയമുണ്ട്. തിരിച്ചുവരേണ്ട കൂടിനെക്കുറിച്ചു ബോധ്യമുണ്ട്. തിരിച്ചെത്തേണ്ട സമയത്തേക്കുറിച്ചു ധാരണയുണ്ട്. വിദ്യാർഥികളെക്കുറിച്ച് ഈയൊരു സമീപനം പുലർത്തിയ അധ്യാപികയാണ് സിൽവിയ ആസ്റ്റൻ വാർണർ. ന്യൂസിലാന്റിൽ ജനിച്ച് വിവിധരാജ്യങ്ങളിൽ അധ്യാപികയായി പ്രവർത്തിച്ച് 'ജൈവ അധ്യാപനം' നടപ്പിലാക്കിയ മഹതിയാണവർ. കുട്ടികളെ ശരിയായി പഠിപ്പിക്കുവാൻ ചില യോഗ്യതകൾ വേണ്ടത് അവർ ചൂണ്ടിക്കാട്ടുന്നു: 'നന്നായി സംസാരിക്കാൻ കഴിയണം. മറ്റുള്ളവരെ ശ്രദ്ധിക്കാനുള്ള വിവേകമുണ്ടാവണം. കുട്ടികളുടെ ചിന്തയെ പുറത്തുകൊണ്ടുവന്ന് പരിപോഷിപ്പിക്കാനുള്ള പ്രാപ്തിയും വേണം. കുട്ടികൾക്ക് എന്തെങ്കിലും കൊടുക്കുകയെന്നതിനെക്കാൾ പ്രയാസമേറിയ കാര്യമാണ് അവരുടെ ഉള്ളിൽ നിന്ന് എന്തെങ്കിലും പുറത്തുകൊണ്ടുവരിക എന്നത്.

മുമ്പേ സൂചിപ്പിച്ച എഫ്. വിദ്ഗറോവ ഇവയോടു മറ്റൊരു കാര്യംകൂടി ചേർത്തു വയ്ക്കുന്നത് ശ്രദ്ധേയമാണ്: "കുട്ടികൾ ഏതു വയസ്സുകാരാണെങ്കിലും അവർ അനീതിയും അവഗണനയും പൊറുക്കാത്തവരും സ്നേഹവും ദയയും അർഹിക്കുന്നവരുമായ ജീവനുള്ള മനുഷ്യരാണെന്ന അറിവോടെയുള്ള പെരുമാറ്റമാണ് മുഖ്യഗുണവിശേഷം." ഗാന്ധിജി തന്റെ വിദ്യാഭ്യാസദർശനങ്ങളിൽ അഭിപ്രായപ്പെടുന്നതും ഇതിനു പൂരകമാണ്: "ടീച്ചർ അമ്മയെപ്പോലെയാവണം. അമ്മമാർ തന്നെ ഈ ജോലി ഏറ്റെടുക്കുമെങ്കിൽ നല്ലത്." രാഷ്ട്രപിതാവു പറഞ്ഞത് വാസ്തവമല്ലേ? വിദ്യാലയം രണ്ടാമത്തെ വീടാണ്. ആദ്യത്തെ വീട് അനാഥാലയമോ നരകമോ ആയിട്ടുള്ള കുട്ടികൾ വിദ്യാലയത്തിലെത്തുമ്പോൾ അവർക്കു ലഭിക്കുന്നതെന്താണ്? പുതിയൊരു അഗതിശാലയോ സത്രമോ അല്ല. ഉയരാനും വളരാനും സഹായിക്കുന്ന കുടുംബാന്തരീക്ഷമാണു കിട്ടേണ്ടത്. അമ്മയും അച്ഛനും നൽകിയത് കൂട്ടിച്ചേർക്കാനും വിപുലീകരിക്കാനും അധ്യാപകർക്കു കഴിയുന്നതു നന്ന്. എന്നാൽ രക്ഷിതാക്കളിൽനിന്ന് ഒന്നും ലഭിക്കാതെ സ്കൂളിലെത്തുന്ന കുട്ടികൾക്കു വേണ്ടതുകൊടുക്കാൻ അധ്യാപകർക്കു കഴിയണം. കൂടുതൽ പരിഗണിക്കേണ്ടത് അവരെത്തന്നെയല്ലേ? ആകാശങ്ങളുടെ ഔന്നത്യങ്ങളിലേക്കു കുതിക്കാൻ അവർക്കുമില്ലേ അവകാശങ്ങൾ?

**മധുരോദാരം**

*"സഞ്ചരിക്കുന്ന പൊട്ടിച്ചിരികൾ*
*സങ്കടച്ചെടിയിലെ പൂമൊട്ടുകൾ*
*പുഞ്ചിരിത്തിരിയിട്ടു പൂമുഖത്തിണ്ണയിൽ*
*നന്മ കൊളുത്തുന്ന ദീപങ്ങൾ;*
*അവരല്ലോ തളിരിളം*
*പൈതങ്ങൾ."*

ഏഴാച്ചേരി രാമചന്ദ്രൻ വിവരിക്കുന്ന ഈ ഇളംപൈതങ്ങൾ അധ്യാപികയുടെ മധുരോദാരമായ പെരുമാറ്റം കൊതിക്കുന്നവരാണ്. അവരുടെ അവകാശങ്ങൾപോലും ഹൃദ്യതയോടെ അനുഭവിക്കാനാവുന്നത് ഔദാര്യത്തിന്റെ വെണ്ണ പുരട്ടുമ്പോഴാണ്. എവിടെ അതു സാധിച്ചുവോ അവിടെയെല്ലാം കുട്ടികൾക്ക് സ്കൂളൊരു ഉത്സവവേദിയാകുന്നു; മറിച്ചായാൽ പേടിസ്വപ്നവും.

■

## എന്റെ വര



**അഭയ് എൽ.പി.**
ക്ലാസ് 6
ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂൾ
മാരനല്ലൂർ, കൂവളശ്ശേരി





**പ്രത്യുഷ സന്തോഷ്**
ക്ലാസ് 10
സെന്റ് പോൾസ്
ഇ. എം. എച്ച്.എസ്.എസ്
കുര്യാച്ചിറ

മഴ മഴ മഴ മഴ ചിന്നം ചിന്നം മഴ
പാരിടമാകെ നനഞ്ഞുകുതിർന്നല്ലോ?
പൂച്ചെടികൾ ഉണർന്നെഴുന്നേറ്റുവന്നല്ലോ
പൂമ്പാറ്റകൾ പാറിപ്പാറിപ്പറന്നെത്തിയല്ലോ.

തോട്ടിലും തൊടിയിലും വെള്ളം നിറഞ്ഞുവന്നു.
പുഴയിലും വെള്ളം നദിയിലും വെള്ളം തന്നെ.
എല്ലായിടത്തും വെള്ളം തന്നെ സർവം വെള്ളമയം
വെള്ളമില്ലെങ്കിൽ മാനവജീവിതം ശൂന്യമാം.

മഴയത്തു നടക്കാനെന്തു രസമാണ്!
'കടലാസ്സ് വഞ്ചിയിറക്കാം പുതുമഴയിൽ,
മുറ്റത്തെ വെള്ളത്തിൽ ഓടിക്കളിച്ചീടുകിലോ,
പനി വരുമെന്നതു നിശ്ചയം തന്നെയാം.'